പതിമൂന്നാം കേരള നിയമസഭ
പതിനാലാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത
ചോദ്യം നം.5947

30.07.2015 ൽ
മറുപടിയ്ക്ക്

## സാഹസിക അക്കാഡമി

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. കെ. എസ്. ശബരീനാഥൻ<br>ശ്രീ. വി.റ്റി. ബൽറാം<br>ശ്രീ. ഹൈബി ഈഡൻ<br>ശ്രീ. ഷാഫി പറമ്പിൽ | ശ്രീമതി. പി.കെ. ജയലക്ഷ്മി<br>(പട്ടികവർഗ്ഗക്ഷേമവും, യുവജനകാര്യവും കാഴ്ചബംഗ്ലാവുകളും മൃഗശാലകളും വകുപ്പ് മന്ത്രി) |
| എ) യുവജനക്ഷേമ ബോർഡിന്റെ ആഭിമുഖ്യത്തിൽ സാഹസിക അക്കാഡമിക്ക് രൂപം നൽകിയിട്ടുണ്ടോ; | എ) ഉണ്ട് |
| ബി) എന്തെല്ലാം ഉദ്ദേശ്യ ലക്ഷ്യങ്ങളാണ് ഇത് വഴി കൈവരിക്കാനുദ്ദേശിക്കുന്നത് ; | ബി) യുവാക്കളിൽ സാഹസിക മനോഭാവം വളർത്തുക, സാഹസിക കർമ്മശേഷി ജനനന്മയ്ക്ക് വിനിയോഗിക്കുക എന്നിവയാണ് സാഹസിക അക്കാഡമികൾ കൊണ്ട് ലക്ഷ്യമിടുന്നത്. |
| സി) ഇതിന്റെ പ്രവർത്തനത്തിന് ഭരണതലത്തിൽ എന്തെല്ലാം നടപടികൾ എടുത്തിട്ടുണ്ട് ? | സി) ബോർഡിന്റെ കീഴിലുള്ള സാഹസിക അക്കാഡമികളുടെ നേതൃത്വത്തിൽ വർഷം തോറും യുവാക്കൾക്കായി സാഹസിക പരിശീലന പരിപാടികൾ, അഡ്വഞ്ചർ കാർണിവലുകൾ എന്നിവ നടത്തി വരുന്നു. സാഹസിക അക്കാഡമികളുടെ നേതൃത്വത്തിൽ പാരാസെയിലിംഗ് പരിശീലനം, പാരാഗ്ലൈഡിംഗ് പരിശീലനം, മൺസൂൺ ട്രക്കിംഗ്, പ്രതിമാസ ട്രക്കിംഗ്, ഫ്രീ ഹാന്റ് ക്ലൈമ്പിംഗ്, റോപ്പ് ക്ലൈമ്പിംഗ്, റിവർ ക്രോസിംഗ്, വാൾ ക്ലൈമ്പിംഗ്, ജല സാഹസിക പരിപാടികൾ എന്നിവ നടത്തി വരുന്നു. കൂടാതെ കണ്ണൂർ മുഴപ്പിലങ്ങാട് സാഹസിക അക്കാഡമിയുടെ നേതൃത്വത്തിൽ വർഷംതോറും സാഹസിക ഫോട്ടോഗ്രാഫി മത്സരവും സംഘടിപ്പിച്ചു വരുന്നു. മുകളിൽ പറയുന്ന സാഹസിക പ്രവർത്തനങ്ങൾക്ക് എല്ലാ വർഷവും ബഡ്ജറ്റിൽ സർക്കാർ തുക വകയിരുത്തുകയും സർക്കാർ ഭരണാനുമതി നൽകി വരികയും ചെയ്യുന്നുണ്ട്. |

സെക്ഷൻ ഓഫീസർ